# കേരള സർക്കാർ

## വ്യാവസായിക പരിശീലന വകുപ്പ്

കേരള സർക്കാരിന്റെ കീഴിലുള്ള എസ്.സി.വി.റ്റിയുടെ
പാഠ്യപദ്ധതി അനുസരിച്ച്
ജി.ഒ (എം.എസ്സ്) നം 134/2012/തൊഴിൽ തീയതി 15.09.2012
പ്രകാരം അനുവദിച്ച തളളക്കാനം
(വനിത)ഗവ.ഐ.ടി.ഐയിൽ 2012-ലെ
പ്രവേശനത്തിനുളള പ്രോസ്പെക്ടസ്

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | പ്രധാന തീയതികൾ | 3 |
| 2. | കോഴ്സുകളും വിദ്യാഭ്യാസ യോഗ്യതകളും | 4 |
| 3. | പ്രായവും ശാരീരിക യോഗ്യതയും | 4 |
| 4. | പ്രവർത്തന സമയം | 4 |
| 5. | പ്രവേശനവും തെരഞ്ഞെടുപ്പും | 4 |
| 6. | നേറ്റിവിറ്റി/ഡൊമിസയിൽ | 5 |
| 7. | ആവർത്തന പ്രവേശനം | 6 |
| 8. | സംവരണം | 6 |
| 9. | ആനുകൂല്യങ്ങൾ | 8 |
| 10. | നിർബന്ധിത ഹാജർ ശതമാനം | 8 |
| 11. | ട്രേഡ് സർട്ടിഫിക്കറ്റ് | 9 |
| 12. | ഫീസ് | 9 |
| 13. | പരീക്ഷാ ഫീസ് | 9 |
| 14. | അപേക്ഷ സമർപ്പിക്കേണ്ട രീതി | 10 |
| 15. | നിബന്ധന | 10 |
| 16. | അപേക്ഷ സമർപ്പിയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ | 11 |
| 17. | അനുബന്ധം 1<br>എസ്.സി.വി.റ്റി പദ്ധതി അനുസരിച്ച് നടത്തി വരുന്ന കോഴ്സുകളുടെ വിവരം | 12 |
| 18. | അനുബന്ധം 2<br>2012-ൽ പൊതു പ്രവേശനം നൽകുന്ന ഐ.ടി.ഐകളും എസ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളും | 12 |
| 19. | അനുബന്ധം 3<br>ഐ.ടി.ഐയുടെ മേൽവിലാസം | 12 |

**കേരള സർക്കാരിന്റെ കീഴിലുള്ള എസ്.സി.വി.റ്റി. പാഠ്യപദ്ധതി അനുസരിച്ച് ജി.ഒ (എം.എസ്സ്) നമ്പർ 134/12/തൊഴിൽ തീയതി 15/09/12 പ്രകാരം അനുവദിച്ച തളിക്കാനം ഗവ. (വനിത) ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്**

എസ്.സി.വി.റ്റി പദ്ധതിയനുസരിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഐ.റ്റി. ഐ കളിൽ എൻ.സി.വി.റ്റിയുടെ അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകളിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് എൻ.റ്റി.സി.യ്ക്ക് തുല്യമായ കേരള പി.എസ്.സി അംഗീകരിച്ച എസ്.റ്റി.സി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**1.പ്രധാന തീയതികൾ**

1. പൂരിപ്പിച്ച അപേക്ഷ ഐ.ടി.ഐ പ്രിൻസിപ്പാളിന് ലഭിക്കേണ്ട അവസാന തീയതി- **22/12/ 2012 5.മണി വരെ**
2. സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി **26-12-2012**
3. അഡ്മിഷൻ തീയതി **28-12-2012**
4. .അഡ്മിഷൻ നടപടികൾ അവസാനിക്കുന്ന തീയതി **.31/12/2012**

–

ലിസ്റ്റ്, പ്രവേശനം എന്നിവ സംബന്ധിച്ച് മേൽ പ്രസ്താവിച്ച തീയതികൾക്ക് ഏതെങ്കിലും കാരണവശാൽ മാറ്റം വരുന്നപക്ഷം ആയത് പ്രിൻസിപ്പാൾ നോട്ടീസ്/പത്രപരസ്യം ചെയ്യുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് ഐ.റ്റി.ഐയിൽ പ്രസിദ്ധീകരിക്കുകയും ഈ വിവരത്തിന് പ്രിൻസിപ്പാൾ നോട്ടീസ്/പത്ര പരസ്യം ചെയ്യുന്നതായിരിക്കും. അപേക്ഷകർക്ക് ഐ.ടി.ഐയിൽ നിന്നും മെമ്മോ കാർഡുകൾ അയക്കുന്നതാണ്. ഇതിലേയ്ക്കായി അപേക്ഷകൻ സ്വന്തം മേൽവിലാസമെഴുതിയ 6/- (ആറ്) രൂപായുടെ സ്റ്റാമ്പ് പതിച്ച പോസ്റ്റുകാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മെമ്മോ കാർഡ്

ലഭിയ്ക്കാതിരുന്നാൽ അതിന് പ്രിൻസിപ്പാൾ ഉത്തരവാദിയായിരിക്കുന്നതല്ല. അപേക്ഷകർ ഐ.ടി.ഐയിൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റു നോക്കി ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

## 2. കോഴ്സുകളും വിദ്യാഭ്യാസ യോഗ്യതകളും

(എ) എസ്.എസ്.എൽ.സി ജയിച്ചവർക്കും തത്തുല്ല്യ യോഗ്യതയുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ദ്വിവത്സര ട്രേഡായ ഡ്രാഫ്റ്റ്സ് മാൻ സിവിൽ, പ്രിഡിഗ്രി/+2 യോഗ്യതയുള്ളവർക്ക് തെരഞ്ഞെടുക്കാവുന്ന ഏക വത്സര ട്രേഡായ ടെസ്ക്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ എന്നിവയാണ് തളക്കാനം വനിത ഐ.ടിഐയിൽ ഉള്ളത്.

## 3. പ്രായവും ശാരീരിക യോഗ്യതയും

1.8.2012–ൽ 14 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധിയില്ല. അപേക്ഷകന് നിർദ്ദിഷ്ട ശാരീരിക യോഗ്യത ഉണ്ടായിരിക്കണം.

## 4. പ്രവർത്തന സമയം

എല്ലാ ഐ.ടി.ഐകളും തിങ്കൾ മുതൽ ശനി വരെ രാവിലെ 7 മണി മുതൽ 3 വരെയും 9 മണി മുതൽ 5 മണിവരെയും ഉള്ള രണ്ടു ഷിഫ്റ്റുകളിലായിട്ടാണ് പ്രവർത്തിക്കുന്നത്. ഐ.ടി.ഐകൾ വെക്കേഷൻ ഇല്ലാത്ത തൊഴിൽ പരിശീലന സ്ഥാപനങ്ങളാണ്.

## 5. പ്രവേശനവും തെരഞ്ഞെടുപ്പും

മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിനുവേണ്ടി അപേക്ഷകന് മെട്രിക്കുലേഷൻ പരീക്ഷയിൽ ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് (ആകെ 300 മാർക്കിന്) ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന ലഭിക്കും. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഗ്രേസ്മാർക്ക് നൽകുന്നതാണ്. മെട്രിക് ട്രേഡിൽ പ്രീഡിഗ്രി/പ്ലസ്ടു/വി.എച്ച്.എസ്.സി/തത്തുല്യയോഗ്യത ഉള്ളവർക്ക് 20 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

സംസ്ഥാനത്തെ യുവജനോത്സവങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് മെട്രിക്, ട്രേഡുകളിൽ പ്രവേശനത്തിന് പരിഗണിക്കപ്പെടുന്ന വിഷയങ്ങളുടെ ആകെ (മാക്സിമം) മാർക്കിന്റെ യഥാക്രമം 10%, 5% കൂടെ ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്.

എൻ.സി.സി.യിൽ പരിശീലനത്തിനുശേഷം എ/ബി/സി സർട്ടിഫിക്കറ്റ് നേടിയവർക്ക് ബോണസ് അർഹതയുണ്ട് (എ–5 മാർക്ക്, ബി–7 മാർക്ക് സി–10)

5 **(എ)** എസ്.എസ്.എൽ.സിയ്ക്ക് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നതിനു ശേഷം ലഭിയ്ക്കുന്ന മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക്

തയ്യാറാക്കുന്ന രീതി ചുവടെ ചേർക്കുന്നു. 2005 വർഷത്തെ മാർക്ക് ലിസ്റ്റിൽ കണ്ടിന്യൂയിംഗ് ഇവാലൂവേഷൻ ഉള്ള മാർക്കും (10) തിയറിയ്ക്ക് ഉള്ള മാർക്കും (50) ഗ്രേഡിനൊപ്പം കാണിച്ചിരിക്കുന്നു. ഇത്തരം മാർക്ക് ലിസ്റ്റിന് അനുവദിക്കപ്പെടുന്ന ഇൻഡക്സ് മാർക്ക് ചുവടെ കുറിച്ചിരിക്കുന്ന തരത്തിൽ കണക്കാക്കുന്നു. ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II , ഫിസിക്സ്, കെമസ്ട്രി,മാത്തമാറ്റിക്സ്-I മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, 300 മാർക്കിലേയ്ക്ക് ചുവടെ കുറിയ്ക്കുന്ന ഫോർമുല അനുസരിച്ച് മാറ്റുന്നു.

$$\frac{\text{6 വിഷയത്തിന് ലഭിച്ച മാർക്ക്} \times 300}{360}$$

ഇതോടൊപ്പം അനുവദനീയമായ ഗ്രേസ് മാർക്ക് കൂടി കൂട്ടുന്നു.

**5(ബി)** 2006-നു ശേഷമുള്ള എസ്.എസ്.എൽ.സിയുടെ മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് കണക്കാക്കുന്ന രീതി ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| A+ | 90-ന് മുകളിൽ | 95 മാർക്ക് |
| A | 80-89 | 85 മാർക്ക് |
| B+ | 70-79 | 75 മാർക്ക് |
| B | 60-69 | 65 മാർക്ക് |
| C+ | 50-59 | 55 മാർക്ക് |
| C | 40-49 | 45 മാർക്ക് |
| D+ | 30-39 | 35 മാർക്ക് |
| D | 20-29 | 25 മാർക്ക് |
| E | 20-ന് താഴെ | 15 മാർക്ക് |

ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II , ഫിസിക്സ്, കെമസ്ട്രി, മാത്തമാറ്റിക്സ്-I മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കും (300-ൽ)അർഹതപ്പെട്ട ഗ്രേസ് മാർക്കും അനുവദിയ്ക്കുന്നു.

**5(സി)** സി.ബി.എസ്.ഇ/ഐ.സി.എസ് സ്കീമിൽ പാസ്സായവർക്ക് ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങൾക്ക് ലഭിച്ച ആകെ മാർക്കിന്റെ (300-ൽ) അടിസ്ഥാനത്തിലാണ് മുൻഗണന ലഭിക്കുന്നത്.

**6. നേറ്റിവിറ്റി/ഡൊമിസെയിൽ (5 വർഷം) സർട്ടിഫിക്കറ്റ്**

കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് മാത്രമേ ഈ സംസ്ഥാനത്തെ ഐ.ടി.ഐകളിൽ പ്രവേശനമുള്ളൂ. നിലവിലുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് മലപ്പുറം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലേയും കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിലെ താഴെ പറയുന്ന ബ്ലോക്കുകളിൽ നിന്നും ഉള്ള അപേക്ഷകർക്ക് 10 മാർക്ക് ഗ്രേഡ് മാർക്കായി ലഭിക്കുന്നതാണ്. (സ.ഉ.(ആർ.ടി) 1548/80/എൽ.ബി.ആർ തീയതി: 13.11.80, സർക്കാർ കത്ത് നമ്പർ 36730/ഡി3/96 എൽ.ബി.ആർ തീയതി: 8.4.97)

| ക്രമ നമ്പർ | ബ്ലോക്ക് | ജില്ല |
|---|---|---|
| 1. | കണ്ണൂർ | കണ്ണൂർ |
| 2. | തലശ്ശേരി | കണ്ണൂർ |
| 3. | വടകര | കോഴിക്കോട് |
| 4. | കൊയിലാണ്ടി | കോഴിക്കോട് |
| 5. | കോഴിക്കോട് | കോഴിക്കോട് |
| 6. | ഒറ്റപ്പാലം | പാലക്കാട് |
| 7. | മണ്ണാർക്കാട് | പാലക്കാട് |
| 8. | ചാവക്കാട് | തൃശ്ശൂർ |
| 9. | കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 10. | പത്തനംതിട്ട | പത്തനംതിട്ട |

ഇതിനായി ബ്ലോക്കിന്റെ പേര് രേഖപ്പെടുത്തിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

## 7. ആവർത്തന പ്രവേശനം

ഇതിന് മുമ്പ് എപ്പോഴെങ്കിലും ഏതെങ്കിലും ഐ.ടി.ഐയിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും ഐ.ടി.ഐ പ്രവേശനം ലഭിക്കുന്നതല്ല. ഇത്തരത്തിൽ തെറ്റായ രേഖകൾ സമർപ്പിച്ച് പ്രവേശനം നേടുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

## 8. സംവരണം

ട്രെയിനിംഗ് മാനുവലിന്റെ വ്യവസ്ഥ പ്രകാരവും, സർക്കാർ ഉത്തരവ് (എം.എസ്) 46/77എൽ.ബി.ആർ തീയതി: 28.6.77 എന്ന ഉത്തരവുപ്രകാരവും നിശ്ചിത സീറ്റുകൾ താഴെപ്പറയുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1. | പട്ടികജാതി | 8% |
| 2. | പട്ടികവർഗ്ഗം | 2% |
| 3. | ഈഴവർ | 9% |
| 4. | മുസ്ലീം | 8% |

5. മറ്റ് പിന്നോക്ക ഹിന്ദുക്കൾ 5%

6. ലത്തീൻ കത്തോലിക്കർ 2%

7. മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ (മതപരിവർത്തനം ചെയ്ത പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ടവർ, എസ്.ഐ.യു.സി നാടാർ) – 1% (സർക്കാർ ഉത്തരവ് (എം.എസ്) 118/95 എൽ.ബി.ആർ തീയതി 27.11.95)

8.(എ)മരണപ്പെട്ട/അംഗഭംഗം സംഭവിച്ച സമാധാനകാലത്ത് കൊല്ലപ്പെട്ട/അംഗഭംഗം സംഭവിച്ച ഭടൻമാരുടെ/വിമുക്തഭടൻമാരുടെ സന്താനങ്ങൾ

(ബി) സേവനത്തിലുള്ള ജവാന്മാരുടെ സന്താനങ്ങൾ

(സി) സേവനത്തിലുള്ള ആഫീസർമാരുടെ സന്താനങ്ങൾ

(ഡി) വിമുക്ത ഭടൻമാർ കെ 15% (സ.ഉ.(എം.എസ്) 46/77 എൽ.ബി.ആർ. തീയതി: 28–6–77)

9. അംഗീകൃത അനാഥാലയത്തിലെ അന്തേവാസികൾ 5 സീറ്റ്(ഓരോ ഐ.ടി.ഐയിലും)

10. ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ – മെട്രിക്, നോൺ മെട്രിക് ട്രേഡുകളിലേക്ക് പരമാവധി അനുവദിച്ച സീറ്റിന്റെ 25% / 15 സീറ്റ് വീതം

11. ബർമ്മ/ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് 1.6.1963ലോ അതിന് ശേഷമോ പുറത്താക്കപ്പെട്ടവർ/അവരുടെ സന്താനങ്ങൾ/ഉഗാണ്ടയിൽ നിന്ന് പുറത്താക്കപ്പെട്ടവർ/അവരുടെ സന്താനങ്ങൾക്ക് പരമാവധി 5 സീറ്റ്

12. പ്രസിഡന്റിന്റെ ബാഡ്ജ് ലഭിച്ചിട്ടുള്ള സ്കൗട്ടുകൾ/ഗൈഡുകൾ– 1 സീറ്റ്

13. അംഗവൈകല്യം സംഭവിച്ചവർക്ക് – 3% 1:1:1 എന്ന അനുപാതത്തിൽ (അന്ധർ, ബധിരർ, അംഗവൈകല്യം സംഭവിച്ചവർ)

(സ.ഉ(ആർ.ടി) 2531/04/എൽ.ബി.ആർ തീയതി: 24.09.04)/(പരിശീലകരുടെ എണ്ണം 100–ൽ താഴെ വരുന്ന ഐടിഐകളിൽ 1 സീറ്റ് മാത്രം)

14. സ്പോർട്ട്സിൽ പ്രാവീണ്യം നേടിയിട്ടുള്ളവർ (ഈ വിഭാഗത്തെ സ്പോർട്സ് കൗൺസിൽ നോമിനേറ്റ് ചെയ്യുന്നതാണ്) – 5 സീറ്റ് (സ.ഉ. (എം.എസ്) 46/77/എൽ.ബി.ആർ തീയതി: 28.6.77)

15 ജുവനൈൽ ജസ്റ്റിസ് ഹോമിലെ യോഗ്യരായ അന്തേവാസികൾക്ക് സംസ്ഥാനത്തെ ഐ.ടി.ഐകളിൽ പ്രവേശനത്തിന് ഓരോ ട്രേഡിലും 2 സീറ്റ് സംവരണം ചെയ്തിരിക്കുന്നു. (സ.ഉ(സാധാ)1135/09/തൊഴിൽ, തീയതി:31–07–2009)

17. സാക്ഷരതാ മിഷൻ നടത്തുന്ന ലെവൽ എ സ്റ്റാൻഡേർഡ് 10 തുല്യതാ പരീക്ഷ എസ്.എസ്.എൽ.സി.പരീക്ഷയ്ക്ക് തുല്യമായിരിക്കും (ജി.ഒ.(എം.എസ്)നം.78/2004/ജന.എഡ്യു.തീയതി:09-03-2004).

18. ബധിരരായ (Deaf & Dump) കുട്ടികളുടെ കാര്യത്തിൽ അവർക്ക് ട്രെയിനിംഗ് ലഭിയ്ക്കുന്നതിന് മറ്റു തരത്തിൽ അയോഗ്യതയില്ലെങ്കിൽ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിൽ ഇംഗ്ലീഷിന് പകരമായി തെരഞ്ഞെടുത്ത വിഷയങ്ങളുടെ മാർക്ക് ഇംഗ്ലീഷ് വിഷയത്തിന് തുല്യമായി കണക്കാക്കി ഐടിഐപ്രവേശനത്തിന് പരിഗണിക്കാവുന്നതാണ്. (സർക്കുലർ നമ്പർ.സി1/17517/2010 തീയതി:26-09-2010)

19. ലക്ഷദ്വീപ്, മിനിക്കോയി, ആന്റമാൻ ദ്വീപ് വാസികൾക്ക് - കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ഐ.ടി.ഐകളിൽ 5 സീറ്റു വീതം.

**9. ആനുകൂല്യങ്ങൾ**

ഹോസ്റ്റൽ സൗകര്യമുള്ള ഐ.ടി.ഐകളിൽ പ്രവേശനം ലഭിച്ചവരിൽ ദൂരപരിധി കണക്കാക്കി നിശ്ചിത ശതമാനം പരിശീലനാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതാണ്. ഓരോ ഐടിഐകളിലെ 50% പരിശീലനാർത്ഥികൾക്കും 60 രൂപ വീതം പ്രതിമാസ സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. രക്ഷകർത്താവിന്റെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പന്റിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. പരിശീലനാർത്ഥി മാതാപിതാക്കളുടെയോ നിയമനാസൃതമുള്ള രക്ഷകർത്താവിന്റെയോ വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളെകൊണ്ട് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രിൻസിപ്പാളിന് അദ്ദേഹം അറിയിക്കുന്ന തീയതിക്ക് നൽകേണ്ടതാണ്. അർഹരായുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബന്ധപ്പെട്ട വെൽഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റൈപ്പന്റ് നൽകുന്നതാണ്.

**10. നിർബന്ധിത ഹാജർ ശതമാനം**

(എ) എസ്.സി.വി.റ്റി പരീക്ഷയ്ക്ക് ചേരുന്നതിന് പരിശീലനാർത്ഥിയ്ക്ക് നിർബന്ധമായും ഏറ്റവും കുറഞ്ഞത് 80% ഹാജർ ഉണ്ടായിരിക്കണം.

(ബി) പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ 10 പരിശീലന ദിവസങ്ങൾ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ നിർബന്ധമായും പരിശീലന പദ്ധതിയിൽ നിന്നും പുറത്താക്കുന്നതും ഹാജരാകാതിരുന്ന ആദ്യ ദിവസത്തെ തീയതി മുതൽ മുൻകാല പ്രാബല്യത്തോടുകൂടി അവരുടെ പേര് രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നതുമാണ്.

(സി) പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവർത്തി ദിവസങ്ങളിൽ പരിശീലനത്തിന് ഹാജരാകാതിരുന്നാൽ, അതായത് ഹാജർ ശതമാനം 50%ത്തിൽ

കുറവായാൽ അവരെ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതാണ്. അങ്ങനെ പിരിച്ചുവിടപ്പെട്ട പരിശീലനാർത്ഥിയ്ക്ക് ഏതെങ്കിലും മാർഗ്ഗത്തിൽ പുനഃപ്രവേശനം ലഭിച്ചാലും പിന്നീടവർക്ക് സ്റ്റൈപ്പന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഡി) പിരിച്ചുവിട്ട ട്രെയിനിക്ക് ഒരിക്കലും ഐ.ടി.ഐകളിൽ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**11. ട്രേഡ് സർട്ടിഫിട്ടറ്റ്**

എസ്.സി.വി.റ്റി കോഴ്സുകൾ, സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന കോഴ്സുകൾ ആണ്. 80%-ൽ കുറയാത്ത ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കി പരീക്ഷ വിജയിക്കുന്നവർക്ക് എസ്.സി.വി.റ്റിയുടെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**12. ഫീസ്**

പ്രവേശന സമയത്ത് പരിശീലനാർത്ഥിയും താഴെ പറയുന്ന ഇനത്തിലുള്ള തുകകൾ അടയ്ക്കേണ്ടതാണ്.

| ഇനം | രണ്ട് വർഷ കോഴ്സിന് | ഒരു വർഷ/6 മാസ കോഴ്സിന് |
|---|---|---|
| 1.കോഷൻ ഡെപ്പോസിറ്റ് | 50 രൂപ | 50 രൂപ |
| 2. ജാമ്യനിക്ഷേപം | 75 രൂപ | 50 രൂപ |
| 3. മെയിന്റനൻസ് ഫീസ് | 400 രൂപ | 300 രൂപ |
| 4. സ്പോർട്സ് ഫീസ് | 50 രൂപ | 40 രൂപ |
| 5. മാഗസീൻ ഫീസ് | 10 രൂപ | 10 രൂപ |
| 6. കൗൺസിൽ ഫീസ് | 50 രൂപ | 40 രൂപ |
| ആകെ | **635 രൂപ** | **490 രൂപ** |

**13. പരീക്ഷാ ഫീസ്**

ദ്വിവത്സര കോഴ്സുകാർ 50 രൂപപരീക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. ഇതിനു പുറമെ സംസ്ഥാന സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും അടയ്ക്കാൻ പരിശീലിതർ ബാദ്ധ്യസ്ഥരാണ്. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ മെയിന്റനൻസ് ഫീസ് അടയ്ക്കേണ്ടതില്ല. എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗം ട്രെയിനികളുടെ മെയിന്റനൻസ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ ബന്ധപ്പെട്ട എസ്.സി/എസ്.റ്റി വകുപ്പിൽ നിന്നും ഈടാക്കി കണക്കിൽ ചേർക്കുന്നതാണ്. പരിശീലന സമയത്ത് ഏതെങ്കിലും ഉപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലിത രുടെ കോഷൻ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡെപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡെപ്പോസിറ്റ് അടയ്ക്കാൻ പരിശീലിതർ ബാദ്ധ്യസ്ഥനാണ്. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കും, പ്രവേശനം ലഭിച്ച ഒരു മാസത്തിനകം പിരിഞ്ഞു പോകുന്നവർക്കും കോഷൻ ഡെപ്പോസിറ്റ്

ജാമ്യനിക്ഷേപം എന്നിവയിൽ നിന്നും സർക്കാരിന് നൽകേണ്ടതായി ഏതെങ്കിലും ബാദ്ധ്യത തുകയുണ്ടെങ്കിൽ അതു കഴിച്ച് ബാക്കി തുക തിരികെ നൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കി 3 വർഷത്തിനകം തിരികെ വാങ്ങാത്ത തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്.

**14. അപേക്ഷ സമർപ്പിക്കേണ്ട രീതി**

എ) അപേക്ഷകൻ ചേരാനുദ്ദേശിക്കുന്ന ട്രേഡിന് ആവശ്യമായ അപേക്ഷാ ഫാറം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോസ്പെക്ടസിൽ നിന്നും മനസ്സിലാക്കി പ്രസ്തുത അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് പൂരിപ്പിച്ച് താഴെക്കോട് വനിത ഗവ.ഐ.ടി.ഐ പ്രിൻസിപ്പാളിന് നിശ്ചിത ദിവസത്തിനകം നൽകേണ്ടതാണ്. പ്രവേശനം നടത്തുന്ന ട്രേഡുകളുടെ വിവരം വെബ്സൈറ്റിൽ പ്രോസ്പെക്ടസിനോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബി) **അപേക്ഷാ ഫീസ്**

1. അപേക്ഷയോടൊപ്പം 10 രൂപ 0230-00-800- L&E-88- Other Receipt-other items എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ചെലാൻ സഹിതം സമർപ്പിക്കേണ്ടതാണ്.

**അല്ലെങ്കിൽ**

2. പ്രിൻസിപ്പാളിന്റെ പേരിൽ എടുത്ത പത്ത് രൂപയുടെ പോസ്റ്റൽ ഓർഡർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**അല്ലെങ്കിൽ**

3. അപേക്ഷയോടൊപ്പം അപേക്ഷകർക്ക് ഐ.റ്റി.ഐയിൽ നേരിട്ടും അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്.

**അപേക്ഷകരുടെ സൗകര്യാർത്ഥം പ്രസ്തുത ഐ.ടി.ഐയിൽ ഹെൽപ്പ് ഡെസ്ക് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഐ.ടി.ഐ പ്രിൻസിപ്പാളിൽ നിന്നും അറിയാവുന്നതാണ്.**

**15. നിബന്ധന**

(എ) തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും തികച്ചും അച്ചടക്കം പാലിക്കേണ്ടതും പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കുന്നതിനും മുമ്പ് പിരിഞ്ഞു പോകാൻ പാടില്ലാത്തതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ബാദ്ധ്യസ്ഥരാണ്. അച്ചടക്കലംഘന . പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ പിരിച്ചു വിടുന്നതിനും ഉപകരണങ്ങൾക്ക്

നഷ്ടം വരുത്തിയാൽ ആയതിന്റെ വില ഈടാക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

(ബി) പ്രവേശനം നേടുന്ന ട്രെയിനികൾക്ക്, യൂണിഫോം നിർബന്ധമാണ്.

**16. അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ**

1. അപേക്ഷകൾ അയയ്ക്കുന്ന കവറിന്റെ പുറത്ത് "ഐടിഐ പ്രവേശനത്തിനുള്ള മെട്രിക്ട്രേഡ്അപേക്ഷ" എന്ന് വ്യക്തമായി എഴുതിയിരിക്കണം.
2. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശന സമയത്ത് അവസാനം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള റ്റി.സി. ഹാജരാക്കേണ്ടതാണ്.
3. നിശ്ചിത പ്രായപരിധി കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷ ജയിച്ച പോളിയോ ഹോമിലെ അപേക്ഷകരെ പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.
4. സംവരണ വിഭാഗത്തിൽപ്പെടുന്നവർ ആയതിലേയ്ക്കുള്ള അസ്സൽ സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
5. ജനനതീയതി, വിദ്യാഭ്യാസ യോഗ്യതകൾ അപേക്ഷ ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള എസ്.എസ്.എൽ.സി/പ്രീഡിഗ്രി/പ്ലസ്ടു മാർക്ക്/ഗ്രേഡ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നാറ്റിവിറ്റി (ഡൊമിസയിൻ) സർട്ടിഫിക്കറ്റ് ഇവയുടെ ശരിപകർപ്പുകൾ അപേക്ഷയോടൊന്നിച്ച് അയയ്ക്കാത്തപക്ഷം അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.
6. ഗ്രേസ് മാർക്കിനായുള്ള അധിക യോഗ്യതയായ പ്രീഡിഗ്രി/+2 സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം അയയ്ക്കാത്തപക്ഷം അർഹമായ ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.
7. അപേക്ഷകന്റെയും രക്ഷകർത്താവിന്റെയും ഒപ്പില്ലാത്ത അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.
8. അപേക്ഷ പൂരിപ്പിക്കുമ്പോഴുണ്ടാകുന്ന വെട്ടി തിരുത്തലുകൾ അപേക്ഷകൻ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## അനുബന്ധം-1

## ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി അനുസരിച്ച് തള്ളക്കാനം വനിത ഗവ.ഐ.ടി.ഐയിൽ നടത്തുന്ന കോഴ്സ് വിവരം

എ. മെട്രിക് ട്രേഡ് (എഞ്ചിനീയറിങ്)

| നമ്പർ | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ഠം വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 2 വർഷം | എസ്.എസ്.എൽ.സി/10+2 സിസ്റ്റത്തിൽ 10 വിജയിച്ചിരിക്കണം |
| ബി. പ്രീഡിഗ്രി/+2 ട്രേഡുകൾ(നോൺ എഞ്ചിനീയറിങ്) | | | |
| 1 | ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ(ഡി.റ്റി.പി.ഒ) | 1 വർഷം | എ) പ്രീഡിഗ്രി +2 പാസ്സായിരിക്കണം.<br>(ബി) മിനിറ്റിൽ 30 വാക്ക് ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് വേഗത ഉണ്ടായിരിക്കണം |

## അനുബന്ധം-2

## എസ്.സി.വി.റ്റിയുടെ പദ്ധതിയനുസരിച്ച് 2012-ൽ പ്രവേശനം നൽകുന്ന ട്രേഡുകൾ

| ക്രമ നമ്പർ | ഐ.ടി.ഐയുടെ പേരും, സ്ഥലവും, ജില്ലയും | 2012-ൽ പ്രവേശനം നൽകുന്ന ട്രേഡുകൾ | 2012-ൽ പ്രവേശനം നൽകുന്ന യൂണിറ്റ് |
|---|---|---|---|
| 1 | ഐ.ടി.ഐ വനിത തള്ളക്കാനം, ഇടുക്കി | മെട്രിക്ക് ട്രേഡുകൾ<br>(1) ഡ്രാഫ്റ്റ്സ്മാൻ സിവിൽ<br>(2) ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ(ഡി.റ്റി.പി.ഒ)_(നോൺ എഞ്ചിനീയറിങ്) | 1 യൂണിറ്റ്<br>2 യൂണിറ്റ് |

## അനുബന്ധം-3

ഐ.ടി.ഐയുടെ മേൽവിലാസം

ഗവൺമെന്റ് ഐ.ടി.ഐ(വനിത) തള്ളക്കാനം ,ഇടുക്കി ജില്ല

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

# SCVT - MATRIC

ഫീസ് ഒടുക്കിയ വിവരങ്ങൾ

| | | |
|---|---|---|
| 1 | ചെല്ലാൻ നമ്പരും തീയതിയും | |
| 2. | പോസ്റ്റൽ ഓർഡർ നമ്പരും തീയതിയും | |
| 3. | നേരിട്ട് ഒടുക്കിയതിന്റെ വിവരങ്ങൾ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തണം | |

ആഫീസ് ഉപയോഗത്തിനു മാത്രം:

| | |
|---|---|
| രജിസ്റ്റർ നമ്പർ: | |
| തെരഞ്ഞെടുക്കപ്പെട്ട ട്രേഡ്: | |
| വിഭാഗം.................... റാങ്ക് നമ്പർ......... ......<br>ആകെ മാർക്ക്............................................. | |

## കേരള സർക്കാർ
## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
### മെട്രിക് ട്രേഡിൽ 2012-ാം വർഷത്തെ ഐ.ടി.ഐ പ്രവേശനത്തിനുള്ള അപേക്ഷ.

(അപേക്ഷ പൂരിപ്പിക്കേണ്ടത് എസ്.സി.വി.റ്റി പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം)

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | അപേക്ഷകന്റെ പേരും മേൽവിലാസവും (പിൻകോഡ് സഹിതം) | | | | | | |
| 2 | സ്ത്രീയോ, പുരുഷനോ എന്ന് | | സ്ത്രീ/പുരുഷൻ | | | | |
| 3 | പിതാവിന്റെ/രക്ഷകർത്താവിന്റെ/ഭർത്താവിന്റെ പേരും അപേക്ഷകനുമായുള്ള ബന്ധവും. | | | | | | |
| 4 | 2012 ആഗസ്റ്റ് 1-ാം തീയതി അപേക്ഷകന് പൂർത്തിയാവുന്ന വയസ്സും ജനനതീയതിയും* | | | | | | |
| 5 | അപേക്ഷകന്റെ ജാതി, മതം* | | | | | | |
| 6 | മുമ്പ് ഏതെങ്കിലും ഐ.ടി.ഐയിൽ പഠിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ്ണമായ വിവരം | | ഉണ്ട്/ഇല്ല | | | | |
| 7 | അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മാർക്കും* | | എസ്.എസ്.എൽ.സി/എസ്.എസ്.സി/ജെ.ടി.എസ് | | | | |
| | | വിഷയം | ഇംഗ്ലീഷ് | ഫിസിക്സ് | കെമിസ്ട്രി | കണക്ക് | ആകെ |
| | | ലഭിച്ച മാർക്ക്/ഗ്രേഡ് | | | | | |
| | | ആകെ മാർക്ക് | | | | | |
| 8 | പ്രീഡിഗ്രി/പ്ലസ് ടു പരീക്ഷ പാസ്സായിട്ടുണ്ട് | | ഉണ്ട്/ഇല്ല | | | | |
| 9 | ഇടുക്കി/മലപ്പുറം/കാസർഗോഡ്/വയനാട് ജില്ലാ സ്വദേശിയാണോ ?* | | അതെ/ഇല്ല | | | | |
| 10. | എൻ.സി.സി.-യിൽ നിന്നും ലഭിച്ചിട്ടുള്ള യോഗ്യത സർട്ടിഫിക്കറ്റിന്റെ വിവരം* | | എ/ബി/സി | | | | |
| 11 | അപേക്ഷകൻ സംവരണ വിഭാഗത്തിൽ പെടുന്നുണ്ടോ ? ഏതു വിഭാഗത്തിൽ എന്ന് വ്യക്തമാക്കുക* | | | | | | |
| 12 | പരിശീലനം ആഗ്രഹിക്കുന്ന ട്രേഡ് (മുൻഗണനാ ക്രമത്തിൽ) : | | | | | | |

| | | | |
|---|---|---|---|
| | 1. | 5. | |
| | 2. | 6 | |
| | 3. | 7 | |
| | 4. | 8 | |

* നോട്ട്: എല്ലാ സർട്ടിഫിക്കറ്റിന്റെയും ശരി പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**സത്യപ്രസ്താവന**

ഒന്നു മുതൽ പതിനൊന്ന് വരെ കോളങ്ങളിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സത്യമാണെന്നും ഐ.ടി.ഐ.യിലെ എല്ലാ നിയമങ്ങളും അനുസരിച്ചു കൊള്ളാമെന്നും അച്ചടക്ക ലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ലെന്നും അങ്ങനെ ഇടപെടുന്നതായി അധികാരികൾക്ക് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതിനും ഞാൻ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

സ്ഥലം: അപേക്ഷകന്റെ ഒപ്പ് :

തീയതി: രക്ഷകർത്താവിന്റെ ഒപ്പ് :

# SCVT - PLUS 2/PRE-DEGREE

ആഫീസ് ഉപയോഗത്തിനു മാത്രം:

| | |
|---|---|
| രജിസ്റ്റർ നമ്പർ: | |
| തെരഞ്ഞെടുക്കപ്പെട്ട ട്രേഡ്: | |
| വിഭാഗം.................... റാങ്ക് നമ്പർ.............. <br> ആകെ മാർക്ക്............................................. | |

ഫീസ് ഒടുക്കിയ വിവരങ്ങൾ

| | | |
|---|---|---|
| 1. | ചെല്ലാൻ നമ്പരും തീയതിയും | |
| 2. | പോസ്റ്റൽ ഓർഡർ നമ്പരും തീയതിയും | |
| 3. | നേരിട്ട് ഒടുക്കിയതിന്റെ വിവരങ്ങൾ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തണം | |

## കേരള സർക്കാർ
## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്

**2012-ാം വർഷത്തിൽ പ്ലസ് ടു/പ്രീഡിഗ്രി യോഗ്യതയുള്ളവർക്ക് ഐ.ടി.ഐ പ്രവേശനത്തിനുള്ള അപേക്ഷ.**

(അപേക്ഷ പൂരിപ്പിക്കേണ്ടത് എസ്.സി.വി.റ്റി പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം)

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകന്റെ പേരും മേൽവിലാസവും (പിൻകോഡ് സഹിതം) | | | |
| 2 | സ്ത്രീയോ, പുരുഷനോ എന്ന് | സ്ത്രീ/പുരുഷൻ | | |
| 3 | പിതാവിന്റെ/രക്ഷകർത്താവിന്റെ/ഭർത്താവിന്റെ പേരും അപേക്ഷകനുമായുള്ള ബന്ധവും. | | | |
| 4 | 2012 ആഗസ്റ്റ് 1-ാം തീയതി അപേക്ഷകന് പൂർത്തിയാവുന്ന വയസ്സും ജനനതീയതിയും* | | | |
| 5 | അപേക്ഷകന്റെ ജാതി, മതം* | | | |
| 6 | മുമ്പ് ഏതെങ്കിലും ഐ.ടി.ഐയിൽ പഠിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ്ണമായ വിവരം | ഉണ്ട്/ഇല്ല | | |
| 7 | a) അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മാർക്കും* | പ്രീഡിഗ്രി/പ്ലസ് ടു/എഞ്ചി.ഡിപ്ലോമ | | |
| | | ലഭിച്ച മാർക്ക്/ഗ്രേഡ് | ആകെ മാർക്ക് | ശതമാനം |
| | | | | |
| | b) പ്രീഡിഗ്രി/പ്ലസ് ടു പരീക്ഷയ്ക്ക് പാർട്ട് III -ൽ പഠിച്ച വിഷയവും മാർക്കും | 1. 3. <br> 2. 4. | | |
| 8 | അപേക്ഷകൻ ബി.എ/ബി.എസ്.സി/ബി.കോം/ബി.എ (ഹിന്ദി) അഥവാ തത്തുല്യ പരീക്ഷ പാസ്സായിട്ടുണ്ടോ ?* | ഉണ്ട്/ഇല്ല | | |
| 9. | അപേക്ഷകന്/അപേക്ഷകയ്ക്ക് മിനിറ്റിൽ 30 വാക്കുകൾ കുറയാതെ ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ വേഗതയുണ്ടോ (ഡി.ഇ.ഓ/ഡി.റ്റി.പി.ഓ ട്രേഡിന് മാത്രം)* | ഉണ്ട്/ഇല്ല | | |
| 10 | ഇടുക്കി/മലപ്പുറം/കാസർഗോഡ്/വയനാട് ജില്ലാ സ്വദേശിയാണോ ?* | അതെ/ഇല്ല | | |
| 11 | എൻ.സി.സി.-യിൽ നിന്നും ലഭിച്ചിട്ടുള്ള യോഗ്യത സർട്ടിഫിക്കറ്റിന്റെ വിവരം* | എ/ബി/സി | | |
| 12 | അപേക്ഷകൻ സംവരണ വിഭാഗത്തിൽ പെടുന്നുണ്ടോ ? ഏതു വിഭാഗത്തിൽ എന്ന് വ്യക്തമാക്കുക* | | | |
| 13 | പരിശീലനം ആഗ്രഹിക്കുന്ന ട്രേഡ് (മുൻഗണനാ ക്രമത്തിൽ) : | | | |
| | 1. <br> 2. <br> 3. | 4. <br> 5. <br> 6. | | |

* നോട്ട്: എല്ലാ സർട്ടിഫിക്കറ്റിന്റെയും ശരി പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

### സത്യപ്രസ്താവന

ഒന്നു മുതൽ പന്ത്രണ്ട് വരെ കോളങ്ങളിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സത്യമാണെന്നും ഐ.ടി.ഐ.യിലെ എല്ലാ നിയമങ്ങളും അനുസരിച്ചു കൊള്ളാമെന്നും അച്ചടക്ക ലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ലെന്നും അങ്ങനെ ഇടപെടുന്നതായി അധികാരികൾക്ക് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതിനും ഞാൻ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

സ്ഥലം: അപേക്ഷകന്റെ ഒപ്പ് :

തീയതി: രക്ഷകർത്താവിന്റെ ഒപ്പ് :